നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013-14 വർഷം RMSA പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി സമർപ്പിച്ച 30 സ്കൂളുകളുടെ പ്രൊപ്പോസൽ കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ പരിഗണനയിലാണ്. ഞാൻ കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞതുപോലെ എട്ടാം ക്ലാസ് ഇപ്പോൾ RMSA-യിൽ വരുന്നില്ല എന്നതാണ് കാരണം. ഗവൺമെന്റ് ഇപ്പറഞ്ഞ 30 സ്കൂളുകളിലും എട്ടാം ക്ലാസ് ആരംഭിക്കുകയും അദ്ധ്യാപകരെ വച്ച് ക്ലാസ് നടത്തുകയാണ്. അതിനുശേഷം 9-ാം ക്ലാസ് മുതലാണ് മാനവവിഭവശേഷി മന്ത്രാലയം പരിഗണിക്കുന്നത്. 30 സ്കൂളുകളുടെ പ്രൊപ്പോസൽ കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ പരിഗണനയിലാണ്. ഈ വിഭാഗത്തിൽ വയനാട് ജില്ലയിൽ 6 സ്കൂളുകളുണ്ട്. 7-9-2013-ലെ G.O.(Ms) No. 249/2013/പൊ.വി.വ. പ്രകാരം ഈ സ്കൂളുകളിൽ എട്ടാം ക്ലാസ് തുടങ്ങാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മാനവവിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് RMSA തുടർനടപടികൾ എടുക്കുന്നതാണ്. എങ്കിലും 2014-15 വർഷം തസ്തിക നിർണ്ണയം നടത്തിയപ്പോൾ അധികമായി വന്ന അദ്ധ്യാപകരെ ടി സ്കൂളുകളിൽ പുനർവിന്യസിക്കുന്നതിനും അപ്രകാരം അദ്ധ്യാപകരില്ലെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും വേണ്ട നിർദ്ദേശം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്. 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 12 സ്കൂളുകളിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ ഫണ്ട് ഉപയോഗിച്ച് രണ്ട് സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ബാക്കി 10 സ്കൂളുകളിൽ ഇ-ടെണ്ടറിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അടുത്ത സബ്മിഷൻ ശ്രീ. മാത്യു റ്റി. തോമസിന്റേതാണ്. ഇതേ സബ്മിഷൻ തന്നെ ശ്രീ. സി. എഫ്. തോമസും നൽകിയിട്ടുണ്ട്. പക്ഷേ ശ്രീ. മാത്യു റ്റി. തോമസിന് സബ്മിഷൻ നൽകിയതിനുശേഷമാണ് ശ്രീ. സി. എഫ്. തോമസിന്റെ സബ്മിഷൻ കത്ത് കിട്ടുന്നത്. ഈ ആവശ്യം രണ്ടുപേരും ഉന്നയിച്ചിട്ടുണ്ട്. ശ്രീ. മാത്യു റ്റി. തോമസിന് സബ്മിഷൻ അവതരിപ്പിക്കാം.

(8) താറാവ് കർഷകർ നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, പക്ഷിപ്പനി കാരണം കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ താറാവുകൾ വ്യാപകമായി ചത്തൊടുങ്ങുകയുണ്ടായി. എന്നാൽ അതേസമയം തന്നെ പക്ഷിപ്പനി കാണപ്പെട്ട പ്രദേശത്തിന്റെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷികളെയും കേന്ദ്ര ഗവൺമെന്റിന്റെ പ്രോട്ടോക്കോൾ പ്രകാരം കൊന്നൊടുക്കുക മാത്രമല്ല അത് കത്തിച്ചു കളയുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾ അടക്കം ഏർപ്പെടേണ്ടി വന്നു. അങ്ങനെ ചത്തൊടുങ്ങിയതും കൊന്നൊടുക്കിയതുമായ താറാവുകൾക്ക് 200 രൂപ വീതവും രണ്ടുമാസം പ്രായമാകാത്തതിന് 150 രൂപ വീതവും നഷ്ടപരിഹാരം കൊടുക്കാമെന്ന് ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ആ തുക ഇതുവരെ വിതരണം ചെയ്തു കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ റൂൾ 300 പ്രകാരം ഒരു പ്രസ്താവന നടത്തിയപ്പോൾ അനുബന്ധമായി ചേർത്ത ലിസ്റ്റിൽ പത്തനംതിട്ട ജില്ലയിൽ രണ്ട് കള്ളിംഗ് ടീമുകൾ മാത്രം പ്രവർത്തിച്ചുവെന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ അവിടെ പത്ത് കള്ളിംഗ് ടീമുകൾ പ്രവർത്തിച്ചു. ആ കണക്ക് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ വച്ചിട്ടില്ല. 200 രൂപ എന്നത് വർദ്ധിപ്പിച്ചു കൊടുക്കണമെന്നതാണ് എന്റെ ഒന്നാമത്തെ ആവശ്യം. അതിലും ഗൗരവമായ പ്രശ്നം, ഈ പക്ഷിപ്പനിയുടെ ഭീതിമൂലം താറാവ് കർഷകരുടെ മേഖല മുഴുവൻ ഇന്ന് പ്രതിസന്ധിയിലാണ്. ക്രിസ്തുമസ് അടുത്തുവരികയാണ്. താറാവുകർഷകർ പ്രധാനമായും ആശ്രയിക്കുന്നത് ക്രിസ്തുമസ് സീസണിലെ താറാവ് കച്ചവടത്തെയാണ്. താറാവിനെ ഇന്ന് ആർക്കും വേണ്ട. മുട്ടയ്ക്ക് ഇന്ന് വിപണിയില്ല. 5000 രൂപ വായ്പയെടുത്ത് താറാവുകൾക്ക് ഒരു ദിവസംതീറ്റ വാങ്ങിക്കൊടുത്തു കഴിഞ്ഞാൽ ആ താറാവിടുന്ന മുട്ട ഇന്ന് വിപണിയിൽ ആർക്കും വേണ്ടാത്ത അവസ്ഥയാണ്. ഹാച്ചറിയിൽ വിരിയിച്ച് വച്ചിരിക്കുന്ന താറാവ് കുഞ്ഞുങ്ങളെ ആരും വാങ്ങുന്നില്ല. പക്ഷിപ്പനി വന്നതിനേക്കാൾ പ്രധാനമായും ഈ പക്ഷിപ്പനിയുടെ ഭീതിമൂലം താറാവ് കർഷകമേഖലയിൽ നിൽക്കുന്ന മുഴുവൻ ആളുകളും ഇന്ന് പ്രതിസന്ധിയിൽ എത്തി നിൽക്കുകയാണ്. നാളെ താറാവ് കർഷകർ സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തുകയാണ്. അവരുടെ മുഴുവൻ വായ്പയും കടബാദ്ധ്യതയും എഴുതിത്തള്ളുകയും അവരെ സഹായിക്കുകയും അതേസമയം നാട്ടിൽ നിന്ന് ഈ ഭീതി മാറ്റി വിപണിയിൽ ഒരു ഉണർവ്വിന് അവസരമൊരുക്കി കൊടുക്കുകയും ചെയ്യാൻ കഴിയുന്ന ബോധപൂർവ്വമായ പരിപാടികളിൽ സർക്കാർ ഏർപ്പെടണം. വലിയ പ്രതിസന്ധി ഈ മേഖലയിലെ കർഷകർ അനുഭവിക്കുന്നു. അതിനാൽ അവരുടെ മുഴുവൻ വായ്പയും എഴുതിത്തള്ളാൻ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട സി. എഫ്. തോമസിന് ഒരു വാചകം പറയാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: സർ, ഇപ്പോൾ വന്നിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം എന്നുപറയുന്നത് കൈവശമുള്ള താറാവിനെ വിൽക്കാനും സാധിക്കുന്നില്ല, സംരക്ഷിക്കാനുള്ള ചെലവ് കർഷകരുടെ കയ്യിലുമില്ല എന്നതാണ്. സാമ്പത്തിക ശേഷിയില്ലാത്തവരാണ് താറാവ് കർഷകർ. അതുകൊണ്ട് അവരെ സഹായിക്കണം. അവർക്കാവശ്യമായ സാമ്പത്തിക ക്രമീകരണം ചെയ്യണം. വായ്പകൾ ഗവൺമെന്റ് എഴുതിത്തള്ളണം. താറാവ് കർഷകരുടെ നാളത്തെ സമരത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാന്യരായ എം.എൽ.എ.-മാരായ മാത്യു റ്റി. തോമസും സി. എഫ്. തോമസും ഇവിടെ ഉന്നയിച്ച കാര്യം വളരെയധികം ഗൗരവമുള്ളതും വേദനാജനകവുമാണ്. കേരളത്തിലാദ്യമായാണ് ഇത്തരത്തിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ജനപ്രതിനിധികളും കർഷകരും മറ്റ് ഉദ്യോഗസ്ഥന്മാരുമടക്കം ഏറ്റവും നല്ല പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഏറ്റവും വേദനാജനകമായ ഒരു കള്ളിംഗ് പ്രവർത്തനമാണ് നടത്തിയത്. ജാഗ്രതയോടുകൂടി കാര്യങ്ങൾ നടത്തി. ഏകദേശം 100 ശതമാനത്തോളം പരിപൂർണ്ണമായി ഇന്ന് പക്ഷിപ്പനി ഇല്ല എന്ന് സ്ഥിരീകരിക്കപ്പെട്ടിരിക്കുകയാണ്.

ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, ചെന്നിത്തല, കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, പത്തനംതിട്ട ജില്ലയിലെ പെരിങ്ങര എന്നിവിടങ്ങളിൽ പക്ഷിപ്പനി 24-11-2014-ന് സ്ഥിരീകരിക്കുകയും 26-11-2014 മുതൽ തന്നെ പ്രതിരോധത്തിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രോട്ടോക്കോൾ പ്രകാരം യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി രോഗബാധിത പ്രദേശത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും വളർത്തുപക്ഷികളെയും നശിപ്പിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും രോഗം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കാതിരിക്കുന്നതിനായി എല്ലാ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

നശിപ്പിച്ച പക്ഷികൾക്കും രോഗംമൂലം മരണപ്പെട്ട പക്ഷികൾക്കും നഷ്ടപരിഹാരമായി രണ്ട് മാസം വരെ പ്രായമുള്ള പക്ഷികൾക്ക് 100 രൂപയും രണ്ട് മാസത്തിനു മുകളിൽ പ്രായമുള്ളവയ്ക്ക് 200 രൂപയും വച്ച് അപ്പപ്പോൾ നൽകുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. രോഗപ്രതിരോധ നടപടികൾ ക്രോഡീകരിക്കുവാൻ ജില്ലാ ഭരണകൂടം ജാഗ്രതയോടെ ഉണർന്ന് പ്രവർത്തിച്ചതുമൂലവും റവന്യൂ, മൃഗസംരക്ഷണം, ആരോഗ്യം, ആഭ്യന്തരം, പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ വകുപ്പുകളും ജനപ്രതിനിധികൾ, കർഷകർ എന്നിവരുടെയും ഫലപ്രദമായ ഇടപെടലിലൂടെയും രോഗവ്യാപനം ഫലപ്രദമായി തടയുവാൻ സാധിച്ചിട്ടുണ്ട്. രോഗബാധ നിയന്ത്രണ വിധേയമായ സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കർഷകരുടെ ആശങ്ക ദൂരീകരിക്കുന്നതിനും അവരെ താറാവ് കൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ആവശ്യമായ ബോധവത്ക്കരണം വെറ്ററിനറി സർവ്വകലാശാലയുടെയും മൃഗസംരക്ഷണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നൽകിയിട്ടുണ്ട്. താറാവ് കർഷകരും പല ജനപ്രതിനിധികളും വന്ന് കാണുകയും ചെയ്തിട്ടുണ്ട്. കുട്ടനാട് മേഖലയിലെ താറാവ് കൃഷി പുനരുദ്ധരിക്കുന്നതിനും കർഷകരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമായി കർഷക പ്രതിനിധികളുടെയും ഈ മേഖലയിലെ വിദഗ്ദ്ധരുടേയും ഒരു യോഗം 12-12-2014-ന് കാർഷികോല്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും താറാവ് കർഷകരുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ശാസ്ത്രീയമായ താറാവു വളർത്തലിന് ഒരു മാർഗ്ഗരേഖ സൃഷ്ടിക്കുന്നതിനും ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിലേക്കുമായി മേഖലയിലെ എം.എൽ.എ.-മാരേയും, എം.പി.-മാരേയും വിദഗ്ദ്ധരേയും ഉൾപ്പെടുത്തി വിപുലമായ ഒരു യോഗം 16-12-2014-ന് ചേരുവാനും തീരുമാനിച്ചിട്ടുണ്ട്. അതിൽ കിട്ടുന്ന നിർദ്ദേശങ്ങൾ വച്ചുകൊണ്ട് വളരെ ശാസ്ത്രീയമായ രീതിയിൽ, പ്രത്യേകിച്ച് മാലിന്യങ്ങളുടക്കം സംസ്കരിക്കുന്ന രൂപത്തിലേക്കുള്ള, നല്ല പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കർഷകരുടെ ഭാഗത്തുനിന്ന് വരുന്ന നിർദ്ദേശങ്ങളും ജനപ്രതിനിധികൾ പറയുന്ന അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയാണ് ലക്ഷ്യം. നേരത്തെ ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ് സൂചിപ്പിച്ച വിഷയത്തിൽ വന്നത് അച്ചടിപിശകാണ്. ആ തെറ്റ് തിരുത്തിയിട്ടുണ്ട്. രണ്ടല്ല, പത്ത് കള്ളിംഗ് ടീമെന്ന് തിരുത്തിയിട്ടുണ്ട്. അവിടെ മാലിന്യങ്ങൾ കൂനകൂട്ടുന്നുണ്ട്. അത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. ഈ മാലിന്യങ്ങളിലൂടെയും ദേശാടനപക്ഷികളിൽ കൂടിയും ഈ രോഗം പകരാമെന്നതാണ് ശാസ്ത്രീയമായി പറയുന്നത്. അത് രണ്ടും ഉൾക്കൊള്ളിച്ചുകൊണ്ട് വളരെ വലിയ ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.